LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ജീവനക്കാരുടെ വരവിൽ കവിഞ്ഞ സ്വത്ത്

8 [1523] ശ്രീ. കടവൂർ ശിവദാസൻ:
,, കെ. എ. ചന്ദ്രൻ:
,, വി. ഡി. സതീശൻ:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ വരവിൽക്കവിഞ്ഞ സ്വത്ത് കണ്ടുകെട്ടാൻ പരിപാടിയുണ്ടോ;

(ബി) അവരുടെ വരവിൽക്കവിഞ്ഞ സ്വത്ത് എപ്രകാരം കണ്ടെത്താമെന്നാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിനുവേണ്ടി പ്രൈവറ്റ് ഡിറ്റക്ടീവുകളെ ഉപയോഗിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) സർക്കാർ ജീവനക്കാരുടെ വരവിൽക്കവിഞ്ഞ സ്വത്ത് കണ്ടുകെട്ടുന്നതിനുള്ള നിയമ നിർമ്മാണം എന്നേക്ക് നടത്തുവാനാണുദ്ദേശിക്കുന്നത്?

ഉത്തരം

(എ)&(ബി) ഇക്കാര്യം പരിഗണനയിലാണ്.

(സി) ഇല്ല.

(ഡി) ഇക്കാര്യം ആലോചനയിലാണ്.

അഴിമതി അവസാനിപ്പിക്കാൻ സംവിധാനം

9 [1524] ശ്രീ. മഞ്ഞളാംകുഴി അലി:
,, ടി. കെ. ബാലൻ:
,, എ. കെ. ബാലൻ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാരുടെയും പൊതു പ്രവർത്തകരുടെയും അനധികൃതസ്വത്ത് കണ്ടു കെട്ടുന്നതിന് പുതിയ എന്തെങ്കിലും പദ്ധതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) അഴിമതി അവസാനിപ്പിക്കാൻ നിലവിലുള്ള സംവിധാനം പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(സി) അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാരുടെയും പൊതു പ്രവർത്തകരുടെയും എണ്ണം കൂടി വരുന്നതായി സർക്കാർ കരുതുന്നുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി, കൈക്കൂലി എന്നിവയുടെ പേരിൽ എത്ര ഉദ്യോഗസ്ഥൻമാർക്കെതിരെ കേസ്സ് എടുത്ത് നടപടി സ്വീകരിച്ചുവെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ഇ) അഴിമതി ഇല്ലാതാക്കുന്നതിന് കൂടുതൽ ഫലപ്രദമായ എന്തെങ്കിലും നടപടികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(എഫ്) വിജിലൻസിൽ അഴിമതിരഹിതരായ ഉദ്യോഗസ്ഥൻമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം ആലോചിച്ചുവരുന്നു.

(ബി) നിലവിലുള്ള സംവിധാനം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. എന്നാൽ അതു കൂടുതൽ ഫലപ്രദമാക്കുവാൻ ആലോചിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ലിസ്റ്റ് അന്യത്ര †.

(ഇ) നിലവിലുള്ള സംവിധാനം കൂടുതൽ ഫലപ്രദമാക്കുവാൻ ആലോചിച്ചുവരുന്നു.

(എഫ്) അഴിമതിരഹിതരായ ഉദ്യോഗസ്ഥൻമാരെയാണ് നിയമിച്ചിട്ടുള്ളത്.

സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് രസീത്

10 [1525] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ മൂന്നു ദിവസത്തിനകം കൈപ്പറ്റ് രശീതി നല്കണമെന്ന് സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മൂന്നുദിവസം എന്ന് സമയ പരിധി നിഷ്ക്കർഷിക്കുന്നതിനാൽ അപേക്ഷകർക്ക് രസീതി വാങ്ങാനായി മാത്രം വീണ്ടും ഓഫീസുകളിൽ പോകേണ്ട സ്ഥിതിയാണ് ഉണ്ടാവുക എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly